# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 521 29-11-2018 ലെ മറുപടിക്ക്

**ചോദ്യം**

**ശ്രീ. അബ്ദുൽ ഹമീദ് പി.**

**മറുപടി**

**ഡോ.ടി.എം.തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി

## റവന്യൂ വരുമാനം സംബന്ധിച്ച വിശദാംശം

| | | |
|---|---|---|
| (എ) | നടപ്പ് സാമ്പത്തിക വർഷം 31.10.2018 വരെയുള്ള റവന്യൂ വരുമാനം, റവന്യൂ ചെലവ്, മറ്റ് ചെലവുകൾ എന്നിവ സംബന്ധിച്ച നിജസ്ഥിതി വിശദാംശം സഹിതം വ്യക്തമാക്കുമോ ; | 2018 സെപ്റ്റംബർ 30 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ ശരാശരി പ്രതിമാസ റവന്യൂ വരവ് 6668.25 കോടി രൂപയും, ശരാശരി പ്രതിമാസ റവന്യൂ ചെലവ്, മൂലധന ചെലവ് എന്നിവ യഥാക്രമം 9054.33 കോടി രൂപയും, 522.02 കോടി രൂപയുമാണ്. |
| (ബി) | പ്രസ്തുത കാലയളവിൽ എത്ര ദിവസം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു; വെളിപ്പെടുത്തുമോ ; | നടപ്പു സാമ്പത്തിക വർഷം 15-08-18 വരെ പദ്ധതി പദ്ധതിയേതര ചെലവിനങ്ങളുടെ 1 കോടി വരെയുള്ള ബിൽ തുകകൾ ട്രഷറിയിൽ നിന്ന് ഗുണഭോക്താക്കൾക്ക് മാറി നൽകുന്നതിന് നിയന്ത്രണങ്ങൾ ഒന്നും തന്നെയില്ലായിരുന്നു. ഈ പരിധി 16-08-18 മുതൽ 21-10-18 വരെ 25 ലക്ഷമായി കുറയ്ക്കുകയും 22-10-18 മുതൽ 1 കോടി രൂപയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത കാലയളവിൽ എത്ര പ്രാവശ്യം ഓവർ ഡ്രാഫ്റ്റ് വേണ്ടി വന്നുവെന്ന് വ്യക്തമാക്കുമോ ? | നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ ഓവർ ഡ്രാഫ്റ്റ് സൗകര്യം ഉപയോഗപ്പെടുത്തിയിട്ടില്ല. |

**അക്കൗണ്ട്സ് ഓഫീസർ**